ഉത്തരം

(എ) സ്കൂൾ കുട്ടികളുടെ ഉച്ച ഭക്ഷണത്തിനുള്ള ചെറുപയറിൽ വിഷാംശം ഉള്ളതായി റിപ്പോർട്ടില്ല. എന്നാൽ ഓണക്കാലത്ത് സപ്ലൈകോ ചെറിയ തോതിൽ ചെറുപയർ പരിപ്പ് എന്ന ഭക്ഷ്യ വസ്തു വാങ്ങാറുണ്ട്. ചെറുപയർ പരിപ്പിൽ ടാർടറസിൽ എന്ന വർണ്ണ വസ്തുവിന്റെ സാന്നിദ്ധ്യം ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ഇത് മാരക വിഷമല്ല ലഡു,ജിലേബി, ഐസ്ക്രീം, ജാം പോലെയുള്ള ഭക്ഷ്യ വസ്തുക്കളിൽ ഇവ അനുവദനീയമാണ്. എന്നിരുന്നാലും ചെറുപയർ പരിപ്പ് സപ്ലൈ ചെയ്ത കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയും കരിമ്പട്ടികയിൽ ചേർക്കുകയും ചെയ്തു. സപ്ലൈകോ 10000-ൽ പ്രം സാധനങ്ങളുടെ വിപണനം നടത്തുന്നുണ്ട്. ഒരു ദിവസത്തെ ശരാശരി വിപണനം 7 ലക്ഷം ബില്ലുകളാണ്. (ഏകദേശം 8 കോടി രൂപ) സ്വാഭാവികമായും ഇത്രയധികം സാധനങ്ങൾ വാങ്ങി വിപണനം ചെയ്യുമ്പോൾ ചെറിയ തോതിൽ ഗുണനിലവാര വ്യതിയാനങ്ങൾക്ക് സാധ്യതയുണ്ട്. ആയത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്.

(ബി) സപ്ലൈകോയ്ക്ക് ചെറുപയർ പരിപ്പ് സപ്ലൈ ചെയ്ത ബി.എസ്.ജി. എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ചേർത്തിട്ടുണ്ട്.

കീഴൂരിൽ പുതിയ റേഷൻ കട

124(1381) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ കീഴൂരിൽ പുതിയ റേഷൻ കട അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) കീഴൂരിൽ അനുവദിച്ച റേഷൻ കടയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ കീഴൂരിൽ എന്ന സ്ഥലത്ത് പുതിയ റേഷൻ കട അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

പടിയം കേന്ദ്രമാക്കി മാവേലി സ്റ്റോർ

125(1382) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട അന്തിക്കാട് പഞ്ചായത്തിൽ പടിയം കേന്ദ്രമാക്കി മാവേലി സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) മാവേലി സ്റ്റോർ എന്നേക്ക് പ്രവർത്തനം ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ അന്തിക്കാട് എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പുതിയ മാവേലി സ്റ്റോർ അനുവദിക്കുമ്പോൾ നിലവിൽ മാവേലിസ്റ്റോറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്കാണ് മുൻഗണന നൽകുന്നത്. ജീവനക്കാരുടെ അഭാവവും, ഗോഡൗൺ, ചരക്ക് കടത്ത് തുടങ്ങിയ സൗകര്യങ്ങളിലുള്ള അപര്യാപ്തതയും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ജീവനക്കാരുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പേരാവൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച മാവേലി സ്റ്റോറും റേഷൻ കടയും

128(1363) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച മാവേലി സ്റ്റോർ, റേഷൻകട എന്നിവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ആറളം, ഇരിട്ടി എന്നീ മലയോരമേഖലകളെ കേന്ദ്രീകരിച്ച് ഒരു മൊബൈൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജക മണ്ഡലത്തിൽ പുതുതായി 3 മാവേലി സ്റ്റോറുകൾ ഉരുവച്ചാൽ,ചാവശ്ശേരി, കീഴ്പള്ളി എന്നീ സ്ഥലങ്ങളിലും 1 റേഷൻകട ആറളം എന്ന സ്ഥലത്തും ആരംഭിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി അനുവദിച്ചിരിക്കുന്ന മൊബൈൽ മാവേലി സ്റ്റോറുകളുടെ സേവനം ആറളം, ഇരിട്ടി എന്നീ മലയോര മേഖലകൾ കൂടി ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly